മ ത്താ . 4 : 1 – 1 1
**2023 ഫെബ്രുവരി 19**

## വചനഭാഷ്യം

**ഡോ. സവിത മാത്യു** SKD

# മരുഭൂമിയിലെ പരീക്ഷ

സമാന്തര സുവിശേഷങ്ങളിൽ എല്ലാം തന്നെ ഈശോയുടെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ ഉണ്ടായ പ്രലോഭനത്തെക്കുറിച്ച് പ്രതിപാദിക്കു ന്നുണ്ട്. മൂന്ന് സുവിശേഷകന്മാരും യേശു ആത്മാവിൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടുവെന്നും നാൽപതുദിവസം അവിടെ ഉണ്ടായിരുന്നുവെന്നും പിശാ ചിനാൽ പരീക്ഷിക്കപ്പെട്ടുവെന്നും സാക്ഷ്യപ്പെടുത്തുന്നു. ആദ്യം എഴുതപ്പെട്ട മർക്കോസ് സുവിശേഷം ഈ വിവരണത്തെ രണ്ടു വചനങ്ങളിൽ ചുരുക്കു മ്പോൾ മത്തായിയും ലൂക്കായും മർക്കോസിൽനിന്നും കിട്ടിയ കാര്യത്തെ അല്പം കൂടി വിശദമായി തങ്ങളുടെ സുവിശേഷങ്ങളിൽ അവതരിപ്പിച്ചു എന്ന് മനസ്സിലാക്കാം. രണ്ടു പേരും തങ്ങളുടെ ഉപയോഗത്തിനായി ഒരേ ഉറവിടം തന്നെ ആണ് ആശ്രയിച്ചിരിക്കുന്നത് എന്ന് വ്യക്തം.

വചന വിചിന്തന ഭാഗമായ വി. മത്തായിയുടെ സുവിശേഷത്തിൽ യേശു വിന്റെ ജ്ഞാനസ്നാനത്തിനു ശേഷമാണ് മരുഭൂമിയിലെ പ്രലോഭനം നടക്കു ന്നത്. അതായതു പരിശുദ്ധാത്മാവിനാൽ നിറഞ്ഞതിനു ശേഷം.

വി. മത്തായിയുടെ സുവിശേഷത്തിൽ മരുഭൂമിയിലെ പ്രലോഭന വിവരണത്തെ മൂന്നായി തിരിക്കാം. ഈ മൂന്നു പ്രലോഭനങ്ങൾ കൂടാതെ ഈ സുവിശേഷഭാഗത്തിന ഒരു ആമുഖവും ഒരു ഉപസംഹാരവും ഉണ്ട്.

ആമുഖം 4:1-2

a) 4:3-5 : ഒന്നാം പ്രലോഭനം
b) 4:5-7 : രണ്ടാം പ്രലോഭനം
c) 4:8-10 : മൂന്നാം പ്രലോഭനം

ഉപസംഹാരം 4:11

ഭൂമിശാസ്ത്രപരമായി ഈ മൂന്നു പ്രലോഭനങ്ങൾക്കും ഒരു സ്ഥലകാല പുരോഗതി ഉള്ളതായി കാണാം. ഒന്നാമത്തെ സ്ഥലം മരുഭൂമിതന്നെയാണ്. രണ്ടാമത്തേതു ദേവാലയത്തിന്റെ അഗ്രത്തിൽ, മൂന്നാമത്തെ സ്ഥലം ഉയർന്ന ഒരു മല. ഒരു നാടകീയമായ പുരോഗതി ഒന്നിൽനിന്നും മൂന്നിലേക്ക് ഉണ്ടാവു ന്നതായി നമുക്ക് കാണാൻ സാധിക്കും. ലൂക്കായിൽനിന്നും വിഭിന്നമായി മത്തായിയുടെ സുവിശേഷത്തിൽ രണ്ടാമത്തെ പ്രലോഭനം സംഭവിക്കുന്നത് ദേവാലയത്തിന്റെ അഗ്രത്തിലാണ്. (ലൂക്കായിൽ അത് ഉയർന്നിടം ആണ്).

യഥാർത്ഥത്തിൽ ദൈവാത്മാവാണ് യേശുവിനെ മരുഭൂമിയിലേക്കു നയി ക്കുന്നത്. മത്തായിയുടെ സുവിശേഷപ്രകാരം യേശു നാല്പതു രാവും നാൽപ തു പകലും ആണ് ഉപവസിച്ചത്. ഇത് പഴയനിയമത്തിലെ മോശയുടെയും ഏലിയാ പ്രവാചകന്റെയും ഉപവാസത്തെ ഓർമ്മിപ്പിക്കുന്നുണ്ട് (പുറ. 34:28; 1 രാജാ. 19:8). ഇതിനുശേഷമാണ് ഈശോയ്ക്ക് വിശന്നത്. അവനു വിശന്ന സമയത്താണ് പ്രലോഭകൻ യേശുവിനെ സമീപിക്കുന്നത്.

ഒന്നാമത്തെ പ്രലോഭനത്തിൽ (4:35) പിശാച് യേശുവിനെ ചോദ്യം ചെ യ്യുന്നൊന്നുമില്ല, മറിച്ചു പരീക്ഷിക്കുകയാണ്, യേശുവിന്റെ ദൈവപുത്രത്വത്തെ. അതിനായി സാഹചര്യത്തിന അനുയോജ്യമായ ഒരു അത്ഭുതവും ആവശ്യപ്പെ ടുന്നു. പഴയ നിയമത്തിലെ ഇസ്രായേൽ ജനതയുടെ അവസ്ഥയെ ഓർമ്മിപ്പി ക്കുന്നുണ്ട് ഇത്. നാല്പതു വർഷം മരുഭൂമിയിലൂടെ അലഞ്ഞു നടന്ന ഇസ്രാ യേൽ ജനം വിശന്നപ്പോൾ ദൈവത്തെ നിഷേധിക്കുന്നതും അതിന്റെ പരിണിത ഫലങ്ങളും വ്യക്തമാണല്ലോ. എന്നാൽ യേശു ഈ പരീക്ഷണത്തെ വളരെ മനോഹരമായി നേരിട്ടു. മനുഷ്യൻ ജീവിക്കുന്നത് ദൈവവചനം കൊണ്ടാണ് എന്നു പറയുമ്പോൾ യേശു തന്നിലേക്കു തന്നെയാണ്, തന്റെ ശരീരവും

രക്തവും ഭോജനമായി തരുന്ന വി. കുർബാന സ്ഥാപിക്കപ്പെട്ട അന്ത്യ അത്താഴ സമയത്തിലേക്കാണ്, അതിലൂടെ ലഭ്യമാകുന്ന നിത്യജീവിതത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

രണ്ടാമത്തെ പ്രലോഭനത്തിൽ (4:5-7) ഈശോയെ പ്രലോഭകൻ കൊ ണ്ടുപോകുന്നത് ദേവാലയത്തിന്റെ അഗ്രത്തിലേക്കാണ്. ഇവിടെയും പിശാച് യേശുവിൽനിന്നും ആവശ്യപ്പെടുന്നത് ഒരു വലിയ അത്ഭുതമാണ്, അത് യേശു വിന്റെ ദൈവപുത്രസ്ഥാനത്തെ ചോദ്യം ചെയ്തു കൊണ്ടുള്ളതാണ് എന്നുള്ള ത് ശ്രദ്ധേയമാണ്. രണ്ടാമത്തെ പ്രലോഭനം വിരൽചൂണ്ടുന്നത് കുരിശിലെ ഈശോയിലേക്കാണ്. അവിടെ അവർ ആക്രോശിച്ചു; നീ ദൈവപുത്രനാണെ ങ്കിൽ കുരിശിൽനിന്നും ഇറങ്ങി വരുക (27:40). ഇവിടെ ഈശോ പ്രലോഭകനെ ഓർമ്മിപ്പിക്കുന്നു, നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്. ദൈവ പുത്രന്റെ കുരിശുമരണത്തോളം ഉള്ള അനുസരണത്തെയാണ് ഇത് സൂചിപ്പി ക്കുന്നത്.

മൂന്നാമത്തെ പ്രലോഭനത്തിൽ (4:8-10) പ്രലോഭകൻ ഈശോയെ ഉയർ ന്ന ഒരു മലയിലേക്കാണ് കൊണ്ടുപോകുന്നത്. വി. ഗ്രന്ഥത്തിൽ മല ദൈവസാ ന്നിധ്യത്തിന്റെ അടയാളമാണ്. ഇവിടെ വച്ചാണ് പ്രലോഭകൻ അവനെ കുമ്പി ട്ടാരാധിക്കാൻ ഈശോയോടു പറയുന്നത്. ദൈവത്തെതന്നെ ചോദ്യം ചെയ്യുന്ന അവസ്ഥയാണിത്. ഈശോ തന്റെ മറുപടിയിലൂടെ ഏകദൈവവിശ്വാസത്തിന്റെ പ്രാധാന്യത്തെ പ്രഘോഷിക്കുന്നു. ഇവിടെ ഈശോ പിശാചിനെ അധികാര ത്തോടെ ശാസിക്കുന്നുണ്ട്. തുടർന്ന് അവൻ യേശുവിനെ വിട്ടുപോവുകയും ചെയ്യുന്നു.

വി. മത്തായിയുടെ സുവിശേഷത്തിലൂടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള യേശുവിന്റെ മരുഭൂമിയിലെ ഈ പ്രലോഭനം ദൈവത്തിലുള്ള ആഴമായ വിശ്വാ സത്തിന്റെയും പ്രതീക്ഷയുടെയും മരണത്തോളമെത്തുന്ന അനുസരണത്തി ന്റെയും പ്രതീകമാണ്. ഈ മൂന്നു പ്രലോഭനങ്ങളും ഈശോയുടെ അന്ത്യ അത്താഴത്തിന്റെയും കുരിശുമരണത്തിന്റെയും രക്ഷയുടെയും മുന്നോടിയാ യാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈശോ തന്റെ അനുസരണത്തിലൂടെയും പിതാവിനോടുള്ള വിശ്വസ്തതയിലൂടെയും പ്രലോഭനങ്ങളെ കീഴടക്കി. അതു പോലെ നാമും കർത്താവിനോടുള്ള വിശ്വസ്തതയിൽ ഉറച്ച് അവന്റെ വഴിയേ അനുസരണത്തോടെ നീങ്ങിയാൽ ഏതു പ്രലോഭകനും നമ്മെ വിട്ടുപോകും. അവന്റെ മേൽ നമുക്കും അധികാരം ലഭിക്കും - ദൈവപുത്രരെന്ന അധികാരം.

F